കേരളീയം

# കേരളീയം
## രണ്ടുവയസ്സു പിന്നിടുന്നു

ഇത് കേരളീയത്തിന്റെ 24-ാമത് ലക്കമാണ്. അതായത് നമ്മൾ രണ്ടു വർഷം പൂർത്തിയാക്കുകയാണ്. ഇതുവരെ സഹകരിച്ച എല്ലാവർക്കും നന്ദി പറയട്ടെ.

മലയാളത്തിൽ ഒട്ടേറെ പ്രസിദ്ധീകരണങ്ങളുണ്ട്. അവ ഓരോന്നും പുറത്തിറക്കുന്നവരുടെ വിചാരം തങ്ങളുടെ പ്രസിദ്ധീകരണത്തിന് മറ്റുള്ളവയേക്കാൾ എന്തൊക്കെയോ ഗുണപരമായ വ്യത്യാസങ്ങളുണ്ടെന്നും സമൂഹത്തെ ഏതെങ്കിലും തലത്തിൽ ബോധവൽക്കരിക്കുന്നതിൽ അവ ഒരു പങ്കുവഹിക്കുന്നുണ്ടെന്നുമാണ്. പക്ഷെ, ഫലത്തിൽ കുറേ കടലാസ് മഷി പുരട്ടി നശിപ്പിക്കുകയല്ലാതെ മറ്റൊന്നും അവയ്ക്കു ചെയ്യാനാകുന്നില്ല എന്നതാണ് വാസ്തവം. ഈ അച്ചടിക്കടലാസുകൂട്ടത്തിൽ നിന്നും വേറിട്ടുനിന്നുകൊണ്ട്, ദുഷിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സമൂഹത്തിന്റെ അഭിരുചികളേയും താൽപ്പര്യങ്ങളേയും ധാരണകളേയും വീക്ഷണങ്ങളേയും മൂല്യബോധത്തേയും ഒരു ആത്മപരിശോധനയ്ക്ക് വിധേയമാക്കാൻ പ്രേരിപ്പിക്കുവാനായെങ്കിലേ ഒരു പത്രം എന്ന നിലയിൽ നമുക്ക് നിലനിൽക്കേണ്ടതുള്ളൂ.

ചെറിയൊരു ആൾക്കൂട്ടത്തോട് താണ സ്വരത്തിൽ സംസാരിക്കുന്ന ഒന്നാണ് കേരളീയം. മേൽപ്പറഞ്ഞ പ്രേരണ ഒരു ചെറിയ വൃത്തത്തിനുള്ളിലെങ്കിലും ചെലുത്തുവാനും തീരെ പതുക്കെയാണെങ്കിലും ആ വൃത്തത്തിന്റെ വലുപ്പം കൂട്ടിക്കൊണ്ടുവരാനും നമുക്കാവുന്നുണ്ട്. ഇനിയും മുന്നോട്ടുപോവാനുള്ള പ്രേരണയും അതുതന്നെ.

ലാഭനഷ്ടങ്ങളില്ലാത്ത ഒരു അവസ്ഥയിലേയ്ക്ക് മിക്കവാറും എത്തിയ അവസ്ഥയിലാണ് കഴിഞ്ഞ മാസത്തിൽ ന്യൂസ് പ്രിന്റ് വില പെട്ടെന്നു കൂട്ടുന്നതും നമ്മുടെ പത്രമിറക്കാനുള്ള ചെലവ് 50 ശതമാനത്തിനടുത്ത് വർദ്ധിക്കുന്ന ഒരവസ്ഥയുണ്ടാകുന്നതും. ഈ അധികച്ചെലവ് താങ്ങാൻ ചില കാര്യങ്ങൾ നടപ്പിലാക്കിയേ തീരൂ എന്നും വന്നിരിക്കുന്നു.

ഈ ലക്കം മുതൽ കേരളീയത്തിന്റെ വില ഒറ്റപ്രതിക്ക് 4 രൂപ ആക്കുകയാണ്. വാർഷികവരിസംഖ്യ 45 രൂപയും രണ്ടുവർഷത്തേയ്ക്ക് 85 രൂപയും ആയിരിക്കും പുതിയ നിരക്കുകൾ. രണ്ടുവർഷത്തിനുശേഷം ആവശ്യപ്പെടുമ്പോൾ തിരിച്ചുകൊടുക്കാമെന്ന വ്യവസ്ഥയിൽ കേരളീയം വികസനനിധിയിലേയ്ക്ക് 500 രൂപയുടെ ഗുണിതങ്ങൾ സ്വീകരിക്കുന്ന പദ്ധതിയും തുടർന്നുവരുന്നു.

ഈ മാസത്തോടെ കേരളീയത്തിന്റെ വരിക്കാരിൽ ഏകദേശം രണ്ടായിരത്തോളം പേരുടെ വരിസംഖ്യ തീരുകയാണ്. പത്രം തുടങ്ങിയ ഉടനെ 70 രൂപ തന്നു വരിക്കാരായവരെല്ലാം എത്രയും വേഗത്തിൽ 45/85 രൂപ അയച്ചുതന്ന് വരിസംഖ്യ പുതുക്കി സഹകരിക്കണം. ഓരോരുത്തരും പുതിയ ഒരു വരിക്കാരനെക്കൂടി ചേർക്കാൻ ശ്രമിച്ചേ പറ്റൂ.

വാർഷികവരിസംഖ്യ (35 രൂപ) അവസാനിച്ചിട്ടും പുതുക്കാത്തവർക്കും കേരളീയം അയച്ചുവന്നിരുന്നു. അവരിൽ കുറേപ്പേർ വരിസംഖ്യ പുതുക്കിക്കൊണ്ടിരിക്കുന്നെങ്കിലും വളരെപ്പേർ അതിനു തയ്യാറായിട്ടില്ല. അവരെല്ലാം ഇത്തവണ വരിസംഖ്യ പുതുക്കി സഹായിക്കുക.

കേരളീയം കോംപ്ലിമെന്ററിയായി ലഭിച്ചുവരുന്നവരും കേരളീയത്തെ സഹായിക്കുക – സ്വയം വരിക്കാരനായോ ഒരു സുഹൃത്തിനെ വരിക്കാരനാക്കിയോ സഹകരിക്കുക.

അടുത്തമാസം മുതൽ, വരിസംഖ്യ പുതുക്കാത്തവർക്ക് കേരളീയം അയക്കേണ്ടെന്നാണ് തീരുമാനിച്ചിരിക്കുന്നത്. കേരളീയം തുടർന്നും ലഭിക്കാൻ താൽപ്പര്യമുള്ള വരിസംഖ്യ മുടക്കിയ വായനക്കാർ വരിസംഖ്യ അയച്ചോ അയക്കാമെന്നുള്ള വിവരം അറിയിച്ചോ ബന്ധം നിലനിർത്തുക.

ഇതു വായിച്ചുകഴിഞ്ഞ ഉടനെ കേരളീയത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുക. നാളേയ്ക്കുവെച്ചാൽ അതു നീണ്ടുപോയെന്നും നടന്നില്ലെന്നും മറന്നുപോയെന്നും വരും. സഹകരിക്കുക.

**കേരളീയം പ്രവർത്തകർ**